**ഭരണഭാഷ-മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എഡി.സി6/20272/എച്ച്.എസ്.ഇ/2014 തീയതി : 29.11.2014

## സർക്കുലർ

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - പി.എസ്.സി വെരിഫിക്കേഷനുള്ള രേഖകൾ സമർപ്പിക്കുന്നതു- സംബന്ധിച്ച്.

സൂചന : 18.10.14 - ലെ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ.

സൂചനയിലെ സർക്കുലറിനു തുടർച്ചയായി, താഴെ പറയുന്ന കാര്യങ്ങൾ കൂടി ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

എച്ച്.എസ്.എസ്.റ്റി (സീനിയർ) തസ്തികയിലുള്ളവർ സർവ്വീസ് വിശദാംശങ്ങളങ്ങിയ നിശ്ചിത പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവയ്ക്കു പുറമെ പേഴ്സണൽ മെമ്മോറാണ്ടവും സമർപ്പിക്കണമെന്ന് മേൽ സർക്കുലറിൽ സൂചിപ്പിച്ചിട്ടുണ്ട്. മുഴുവൻ വിവരങ്ങൾ പൂരിപ്പിച്ച് ഫോട്ടോ പതിപ്പിച്ച പേഴ്സണൽ മെമ്മോറാണ്ടം രണ്ടെണ്ണമാണ് സമർപ്പിക്കേണ്ടത്. അതിലൊന്നു മാത്രം പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയാൽ മതിയാകും.

മുൻ സർവ്വീസ് ഉള്ളവർ സൂചന സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ളതിൻ പ്രകാരം അതുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകളും സമർപ്പിക്കേണ്ടതാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

23/Jay/01.12.14.14